**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969** | **18-09-2025 - ൽ മറുപടിയ്ക്ക്**

**കോവളം മണ്ഡലത്തിലെ പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം. വിൻസെന്റ്</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവൃത്തികളും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികളുടെ വിവരങ്ങളും ലഭ്യമാക്കാമോ;</td><td>(എ)</td><td>ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അനുമതി ലഭിച്ച പ്രവൃത്തികൾ :-<br><br>* വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിലെ കാട്ടുകുളം ലക്ഷം വീട് ഗ്രാമം അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2023-24 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. 2025-26 വർഷത്തിൽ പ്രവർത്തികളുടെ തറക്കല്ലിടുകയും, പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് . വീടുകളുടെ അറ്റകുറ്റപ്പണികൾ, ഓട നിർമ്മാണം, അതിര് സൈഡ് വാൾ നിർമ്മാണം, റോഡ് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റ്, സോളാർ പാനൽ മുതലായ പ്രവർത്തികൾ. അടങ്കൽ തുക: 1 കോടി രൂപ.<br><br>* ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ തെക്കേ മലഞ്ചരിവ് നഗറിനെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട് .<br><br>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികൾ ഇല്ല.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?</td><td>(ബി)</td><td>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത പദ്ധതികളുടെ പേര് , അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br><table><tr><th>ക്രമ നം.</th><th>പദ്ധതിയുടെ പേര്</th><th>അനുവദിച്ച തുക</th><th>നിലവിലെ സ്ഥിതി</th></tr><tr><td>1</td><td>കാട്ടുകുളം ലക്ഷം വീട്</td><td>20,00,000/-</td><td>5 വീടുകളുടെ അറ്റകുറ്റപ്പണികൾ നടന്നു വരുന്നു.</td></tr><tr><td>2</td><td>തെക്കേ മലഞ്ചരിവ് നഗർ</td><td>എസ്റ്റിമേറ്റ് തുക<br>98,29,131/-</td><td>വീട് മെയിന്റനൻസിനായി തെരഞ്ഞെടുത്ത വീടുകളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.</td></tr></table></td></tr>
</table>

സെക്ഷൻ ഓഫീസർ